പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 3289 — 25.06.2012-ൽ മറുപടിക്ക്

## ഫിഷറീസ് യൂണിവേഴ്സിറ്റി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>,, കെ. അച്ചുതൻ<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഫിഷറീസ് യൂണിവേഴ്സിറ്റിയായ കുഫോസിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ; | (എ) | സർവ്വകലാശാല ശാസ്ത്രജ്ഞന്മാരുടെയും മറ്റ് വിദഗ്ധരുടെയും സഹകരണത്തോടെ പത്ത് വർഷത്തേയ്ക്കുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായ പുതുവൈപ്പിനിലെ ഫിഷറീസ് സ്റ്റേഷനിൽ നിന്നും ഓരു ജല മത്സ്യക്കുഞ്ഞുങ്ങളെയും, കണ്ടൽ ചെടി, കണ്ടൽ വിത്ത് എന്നിവയും വിതരണം ചെയ്യുന്നതു കൂടാതെ മത്സ്യ-ഗവേഷണ പദ്ധതികളും വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടത്തിവരുന്നു.<br>സർവ്വകലാശാല ആസ്ഥാനത്ത് അക്വേറിയം, നീന്തൽക്കുളം, അക്കാദമിക് ബ്ലോക്ക്, മ്യൂസിയം, ലൈബ്രറി കെട്ടിടം എന്നിവയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>പുതുതായി 5 ബിരുദാനന്തര ബിരുദ കോഴ്സുകളും ഹ്രസ്വകാലകോഴ്സുകളും തുടങ്ങാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ ഭരണം കാര്യക്ഷമമാക്കുന്നതിനായി ഇ-ഗവേണൻസ് പ്രോഗ്രാം, ഓഫീസ് ഓട്ടോമേഷൻ എന്നിവ 2012-13 വർഷത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | യു. ജി. സി. അംഗീകാരത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | (ബി) | യു. ജി. സി. ആക്റ്റ് പ്രകാരം സർവ്വകലാശാലയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ